**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3337** **04-08-2021 - ൽ മറുപടിയ്ക്ക്**

**അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള ഭക്ഷ്യകിറ്റുകൾ 2021 ജനവരി മുതൽ വിതരണം ചെയ്യാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ; | (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അഗതി - അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള നാല് മാസങ്ങളിൽ പലവ്യഞ്ജനക്കിറ്റ് വിതരണം ചെയ്യുന്നതിനു തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പ് നൽകുന്ന ലിസ്റ്റിൻ പ്രകാരം വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. അതിനു ശേഷം ക്ഷേമസ്ഥാപനങ്ങൾക്കുള്ള കിറ്റ് വിതരണം തുടരുവാൻ തീരുമാനം കൈക്കൊണ്ടിരുന്നില്ല. തുടർന്ന് 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ ക്ഷേമസ്ഥാപനങ്ങളിലും വിതരണം നടത്തുവാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിതരണം നടന്നു വരുകയും ചെയ്യുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് അഗതി-അനാഥ മന്ദിരങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അഗതി - അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക റേഷൻ കാർഡ് അനുവദിക്കുകയും 2021 ഏപ്രിൽ മാസം മുതൽ കാർഡ് ഒന്നിന് 2 കി.ഗ്രാം അരിയും ലഭ്യതക്കനുസരിച്ച് 1 കി.ഗ്രാം ആട്ടയും നൽകി വരുകയും ചെയ്യുന്നുണ്ട് കൂടാതെ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ കാർഡിന് 2 കി.ഗ്രാം സ്പെഷ്യൽ അരി 15 രൂപ നിരക്കിലും നൽകിയിട്ടുണ്ട്. കൂടാതെ ഇവിടങ്ങളിൽ താമസിക്കുന്നവരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൂടി 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ അതേ അളവിൽ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ വിതരണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യകിറ്റുകൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അഗതി - അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക റേഷൻ കാർഡ് അനുവദിക്കുകയും 2021 ഏപ്രിൽ മാസം മുതൽ കാർഡ് ഒന്നിന് 2 കി.ഗ്രാം അരിയും ലഭ്യതക്കനുസരിച്ച് 1 കി.ഗ്രാം ആട്ടയും നൽകി വരുകയും ചെയ്യുന്നുണ്ട് കൂടാതെ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ കാർഡിന് 2 കി.ഗ്രാം സ്പെഷ്യൽ അരി 15 രൂപ നിരക്കിലും നൽകിയിട്ടുണ്ട്. കൂടാതെ ഇവിടങ്ങളിൽ താമസിക്കുന്നവരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൂടി 2021 ജൂൺ മാസത്തിലെ കിറ്റിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന അതേ ഇനങ്ങൾ അതേ അളവിൽ ഉൾപ്പെടുത്തി നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിൽ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ